# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2674 09.03.2017-ലെ മറുപടി

**ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | ജലദൗർലഭ്യമുള്ള ഇടങ്ങളിൽ വെള്ളമെത്തിക്കാനുള്ള പദ്ധതികൾ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | എ മൂർക്കനാടിനും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി മങ്കട മണ്ഡലത്തിൽ മൂർക്കനാട്, കുറുവ, കൂട്ടിലങ്ങാടി, മങ്കട, പുഴക്കാട്ടിരി, മക്കരപ്പറമ്പ് പഞ്ചായത്തു കളിൽ വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. പൂർത്തിയായ സ്ഥലങ്ങളിൽ കണക്ഷൻ നൽകാൻ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം പുതിയ വാട്ടർ കണക്ഷനുകൾ നൽകി കുടിവെള്ള ക്ഷാമം പരിഹരിച്ചു വരുന്നുണ്ട്. കൂടാതെ നിലവിലുള്ള മങ്കട ഗ്രാമീണ ജലവിതരണ പദ്ധതിയിൽ നിന്നും കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്.<br>ജലസേചന വകുപ്പിനു കീഴിൽ മങ്കട മണ്ഡലത്തിൽ ജലദൗർലഭ്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി പൂർത്തിയാക്കിയ തടയണകളിൽ ഷട്ടറുകൾ ഇട്ട് വെള്ളം തടഞ്ഞുനിർത്തിയിട്ടുണ്ട്. |
| ബി | ഇതുമായി ബന്ധപ്പെട്ട എല്ലാ ജലാശയങ്ങളുടെയും 500 മീറ്റർ അകലത്തിൽ തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവരുന്നു; | ബി എല്ലാ ജലാശയങ്ങളിലും തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കുമെന്ന പ്രഖ്യാപന ത്തിന്റെ ആദ്യഘട്ടമായി മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ് 17-ൽ ചെറുപുഴതോടിന് കുറുകെ നാലാംപാടം എന്ന സ്ഥലത്തെ ചെക്ക്ഡാം, കൂട്ടിലങ്ങാടി പഞ്ചായത്തിലെ ചെറുപുഴയിൽ വി.സി.ബി കം ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| സി | വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ വഴി വെള്ളമെത്തിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തതും രൂക്ഷമായ കുടിവെള്ള കുടിവെള്ള ക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ നേരിട്ട് കുടിവെള്ള മെത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ